പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5298 02-07-2013-ൽ മറുപടിക്ക്

## സർക്കാർ കക്ഷിയായ തീർപ്പാക്കാത്ത കേസ്സുകൾ

ചോദ്യം

ശ്രീ. എ.എ. അസീസ്

ഉത്തരം

ശ്രീ.കെ.എം.മാണി

(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സർക്കാർ കക്ഷിയായ എത്ര കേസുകളാണ് തീർപ്പ് കൽപ്പിക്കാതെ സംസ്ഥാനത്തെ കോടതികളിൽ നിലനിൽക്കുന്നത്; | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കേസുകൾ തീർപ്പാക്കി; | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | കേസുകൾ അതിവേഗം തീർപ്പ് കൽപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ജില്ലാ ഭരണ സിരാ കേന്ദ്രങ്ങളിലേയും വകുപ്പ് തലവന്മാരുടെയും ആഫീസുകളിൽ തീർപ്പാകാതെയുള്ള വിവിധ കോടതി വ്യവഹാര ഫയലുകളിൽ വസ്തുതാ വിവര പട്ടികയും കാര്യവിവര പത്രികയും യഥാസമയം സമർപ്പിക്കുന്നുണ്ടോയെന്നും, പ്രസ്തുത ആഫീസുകളിലെ വ്യവഹാര സംബന്ധമായ രജിസ്റ്ററുകൾ വ്യവഹാരത്തിന്റെ നാൾവഴി സ്ഥിതിക്കനുസരിച്ച് രേഖപ്പെടുത്താറുണ്ടോയെന്നും വിലയിരുത്തികൊണ്ടുള്ള പരിശോധന ഈ വകുപ്പിൽ നിന്നും നടത്തി വരുന്നു. സർക്കാരിനു നിയമ സേവനങ്ങൾ കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സംസ്ഥാനത്തെ നിയമ ആഫീ |

| | | |
|---|---|---|
| | | സുകൾക്ക വേണ്ടി കോർട്ട് കേസസ് മോണിറ്ററിംഗ് സൊല്യൂഷൻ ( Court Cases Monitoring Solution for Law Offices) എന്ന പദ്ധതി നിയമ വകുപ്പിൽ നടപ്പിലാക്കി വരുന്നു. ഗവൺമെന്റ് കേസുകൾ ഫലപ്രദമായി നടത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം CCMS എല്ലാ ജില്ലാ ഗവൺ മെന്റ് പ്ലീഡർമാരുടെ ഓഫീസുകളിലും നടപ്പിൽ വന്നിട്ടുണ്ട്. 24 സബ് കോർട്ട് സെന്ററുകളിലുമുള്ള അഡീഷണൽ ഗവൺ മെന്റ് പ്ലീഡർമാരുടെ ഓഫീസുകളിലേക്ക് CCMS വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. എല്ലാ വകുപ്പുകളും ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കഴിഞ്ഞാൽ കേസുകളുടെ മോണിറ്ററിംഗ് കൂടുതൽ ഫലപ്രദമായും സുഗമമായും നടക്കുന്നതാണ്. സർക്കാർ കക്ഷിയായിട്ടുള്ള കേസുകൾ മൂന്നു വർഷത്തിനകം തീർപ്പാക്കുന്നതിലേക്ക് ദേശീയ വ്യവഹാരനയത്തിന്റെ മാതൃകയിൽ സംസ്ഥാന വ്യവഹാരനയം പ്രഖ്യാപിച്ചിട്ടുണ്ട്. അത് ഫലപ്രദമായി നടപ്പിലാക്കുന്നതിലേക്കുള്ള നടപടികൾ തുടങ്ങി കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന വ്യവഹാര നയത്തിന്റെ ഒരു പകർപ്പ് ഇതോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്